LIBRARY ARCHIVES Kerala Legislative Assembly

കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം

121(5710) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടകംപള്ളിയിലെ ഭൂമി തട്ടിപ്പ് കേസിൽ ശ്രീ. സലീംരാജിന് സഹായകരമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ ജില്ലാ കളക്ടർ നൽകിയ വസ്തുതാ വിവരണ റിപ്പോർട്ട് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയപ്പോൾ പരിഗണിക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ തെറ്റായ നിയമോപദേശം നൽകിയ അഡ്വക്കേറ്റ് ജനറലിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ ശ്രീ. സലീം രാജിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടില്ല.

(ബി) അഡ്വക്കേറ്റ് ജനറൽ കേസിൽ സത്യവാങ്മൂലം നൽകിയിട്ടില്ല. ജില്ലാ കളക്ടർക്ക് വേണ്ടി അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ വസ്തുതാവിവരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

(സി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

122(5711) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് പോലീസ് ഡ്രൈവർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 392.

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജാതീയതയും മതവർഗ്ഗീയതയും വർദ്ധിച്ചുവരുന്ന പ്രവണത തടയാൻ നടപടി

123(5712) ശ്രീ. എം. എ. ബേബി :

ശ്രീ. പുരുഷൻ കടലുണ്ടി :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ ഭക്തിയെയും വിശ്വാസത്തേയും രാഷ്ട്രീയ നേട്ടത്തിനായി ദുരുപയോഗപ്പെടുത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി ആർ.എസ്.എസ്. സംസ്ഥാനത്ത് നടത്തിവരുന്ന ശ്രമങ്ങളും ആസൂത്രണങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ജാതീയതയും മതവർഗ്ഗീയതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജാതീയതയും മതവർഗ്ഗീയതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സമൂഹത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി പ്രത്യേകം നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly